## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6161** **09-07-2024 - ൽ മറുപടിയ്ക്ക്**

### വായ്പ എടുത്തവ്യക്തി മരണപ്പെടുന്ന സാഹചര്യത്തിൽ വായ്പയുടെ പലിശ ഒഴിവാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത വ്യക്തി മരണപ്പെടുന്ന സാഹചര്യത്തിൽ എത്ര തുക വരെയുള്ള വായ്പയുടെ പലിശയാണ് പൂർണ്ണമായും ഒഴിവാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | സഹകരണസംഘം രജിസ്ട്രാറുടെ 23.06.2008 ലെ 42/2008 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വായ്പാ സഹകരണസംഘങ്ങൾ/ ബാങ്കുകളിൽ നിന്നും 2 ലക്ഷം രൂപ വരെ വായ്പ എടുത്തിട്ടുള്ള വായ്പാക്കാരൻ മരണമടഞ്ഞാൽ ഒരു വർഷത്തിനകം അവകാശികൾ വായ്പാകണക്ക് അവസാനിപ്പിക്കുകയാണെങ്കിൽ വായ്പാക്കാരൻ മരണപ്പെട്ട ദിവസം മുതൽ വായ്പ കണക്ക് അവസാനിപ്പിക്കുന്ന തീയതി വരെയുള്ള പലിശ ഒഴിവാക്കി നൽകുന്നതിന് സംസ്ഥാനത്തെ എല്ലാ വായ്പ സഹകരണ സംഘങ്ങൾക്കും/ ബാങ്കുകൾക്കും അനുമതി നൽകിയിട്ടുണ്ട്.<br><br>സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും വായ്പ എടുത്ത വ്യക്തി മരണപ്പെടുന്ന സാഹചര്യത്തിൽ താഴെപ്പറയുന്ന സർക്കാർ ഉത്തരവുകൾ മുഖേന കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം മുതലിലും പലിശയിലും ഇളവ് അനുവദിക്കുന്നതാണ്.<br><br>1) 18.11.2008 ലെ സ.ഉ.(കൈ) നം. 249/2008/ സഹ നമ്പർ ഉത്തരവ്.<br><br>18.11.2008 തീയതി മുതൽ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത വ്യക്തി വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന ഒരു ലക്ഷം രൂപ വരെയുള്ള മുതലും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതാണ്.<br><br>2) 30.03.2012 ലെ സ.ഉ.(കൈ) നം. 42/2012/സഹ നമ്പർ ഉത്തരവ്.<br><br>30.03.2012 തീയതി മുതൽ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത വ്യക്തി വായ്പാകാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ |

അന്നേ ദിവസം ബാക്കിനിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതാണ്.

3) <u>24.07.2014 ലെ സ.ഉ.(കൈ) നം. 96/2014/സഹ നമ്പർ ഉത്തരവ്.</u>

24.07.2014 തീയതി മുതൽ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത വ്യക്തി വായ്പാകാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതാണ്.

20.09.2019 ലെ സ.ഉ.(കൈ) നം. 35/2019/സഹ നമ്പർ ഉത്തരവ് പ്രകാരം ടി തീയതി മുതൽ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത വ്യക്തി വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന രണ്ട് ലക്ഷം രൂപ വരെയുള്ള മുതൽ മാത്രമാണ് റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നത്. പലിശയിൽ ഇളവ് നൽകുന്നില്ല.

മരണപ്പെട്ടവർ/മാരകരോഗങ്ങൾ ബാധിച്ചവരുടെ വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം മുതലിലും പലിശയിലും ഇളവ് നൽകിവരുന്നു. സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരക രോഗങ്ങൾ (പദ്ധതിയുടെ നടത്തിപ്പിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക (3) – ൽ പരാമർശിക്കുന്നവ) ബാധിച്ചവരോ ആയവരുടെ കുടിശ്ശിക വായ്പകളിന്മേൽ പലിശ ഭാഗീകമായോ/ പൂർണ്ണമായോ, മുതലും പലിശയും ചേർന്ന ബാധ്യത ഭാഗീകമായോ/പൂർണ്ണമായോ സംഘം ഭരണസമിതി യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഘംതല കമ്മിറ്റിക്ക് 50,000/- രൂപ വരെ ഇളവ് അനുവദിക്കാവുന്നതാണ്.

50,000/- രൂപയ്ക്ക് മുകളിൽ രണ്ട് ലക്ഷം രൂപ വരെയുള്ള മേൽ പ്രകാരമുള്ള ഇളവുകൾ സംഘംഭരണസമിതിയുടെ തീരുമാനത്തിന്റേയും, സംഘതല കമ്മിറ്റിയുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ ജില്ലാതല കമ്മിറ്റിയ്ക്ക് അനുവദിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| | | | രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഇളവുകൾ അനുവദിക്കുന്നതിനുള്ള അധികാരം സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിക്കാണ്.<br><br>സഹകരണസംഘം രജിസ്ട്രാർ കേരളാ ബാങ്കിന് അംഗീകരിച്ച് നൽകിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം മരണപ്പെട്ടവരുടെ 5 ലക്ഷം രൂപവരെയുള്ള വായ്പകളിൽ ഈടാക്കാനുള്ള പലിശ പൂർണ്ണമായും ഇളവ്ചെയ്ത് മുതൽമാത്രം അടച്ച് വായ്പാകണക്ക് അവസാനിപ്പിക്കുവാൻ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ